**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2436** **12-02-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ ആരോഗ്യ വിഭാഗത്തിലെ ഒഴിവുകളും പ്രമോഷനും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ആരോഗ്യ വിഭാഗത്തിൽ ഓരോ തസ്തികയിലും എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും പ്രസ്തുത ഒഴിവുകൾ എത്ര കാലമായി നിലവിലുള്ളവയാണെന്നും ലോക്കൽ ബോഡി തലത്തിൽ കണക്ക് ലഭ്യമാക്കാമോ; | (എ) | വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | തദ്ദേശ സ്വയം ഭരണ പൊതു സർവ്വീസ് നിലവിൽ വന്നതിന് ശേഷം നഗരസഭകളിൽ ജോലി ചെയ്യുന്നവരുടെ പ്രമോഷനുകൾ മനപൂർവ്വമായി വൈകിപ്പിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നഗരസഭകളിലെ റവന്യൂ / ആരോഗ്യ വിഭാഗം ജീവനക്കാരുടെ പ്രമോഷൻ അവസാനമായി നടന്ന തീയതിയുടെ വിവരങ്ങൾ തസ്തിക തിരിച്ച് ലഭ്യമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>ക്ലീൻ സിറ്റി മാനേജർ തസ്തികയിലേക്ക് അവസാനമായി ഉദ്യോഗക്കയറ്റം അനുവദിച്ചിട്ടുള്ളത് എൽ.എസ്.ജി.ഡി (അർബൻ) ഡയറക്ടറുടെ 02.02.2023 തീയതിയിലെ DUA/4622/2022-E5 നമ്പർ ഉത്തരവ് മുഖേനയാണ്. വെറ്ററിനറി സർജൻ, പബ്ലിക് ഹെൽത്ത് ഓഫീസർ ഗ്രേഡ് III (മുനിസിപ്പാലിറ്റി/കോർപ്പറേഷൻ)/ മെഡിക്കൽ ഓഫീസർ (മോഡേൺ മെഡിസിൻ)/ ലേഡി മെഡിക്കൽ ഓഫീസർ, റ്റി.ബി.സ്പെഷ്യലിസ്റ്റ് എന്നീ തസ്തികകളിലേക്ക് പി.എസ്.സി മുഖേനയാണ് നിയമനം നൽകുന്നത്. പബ്ലിക് ഹെൽത്ത് ഓഫീസർ ഗ്രേഡ് I, പബ്ലിക് ഹെൽത്ത് ഓഫീസർ ഗ്രേഡ് II എന്നിവ പബ്ലിക് ഹെൽത്ത് ഓഫീസർ ഗ്രേഡ് III തസ്തികയുടെ പ്രൊമോഷൻ തസ്തികകളാണ്.<br><br>**ഹെഡ് ക്ലാർക്ക്/ റവന്യൂ ഇൻസ്പെക്ടർ തസ്തിക**<br><br>പ്രിൻസിപ്പൽ ഡയറക്ടറുടെ 16.12.2023 തീയതിയിലെ LSGD/PD/9405/2023-DEB1 നമ്പർ ഉത്തരവ് പ്രകാരമാണ് ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ നിന്നും അസിസ്റ്റന്റ് സെക്രട്ടറി ലോക്കൽ സെൽഫ് ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂഷൻ കാറ്റഗറിയിലേയ്ക്ക് അവസാനമായി സ്ഥാനക്കയറ്റം നടത്തിയിട്ടുള്ളത്. സ്പെഷ്യൽ റൂളിൽ റവന്യൂ ഓഫീസർ ഗ്രേഡ് II തസ്തിക നിലവിലില്ലാത്തതാണ്. സ്പെഷ്യൽ റൂളിൽ മുനിസിപ്പൽ |

| | | | |
|---|---|---|---|
| | | | കോമൺ സർവ്വീസിലെ റവന്യൂ ഓഫീസർ ഗ്രേഡ് II തസ്തികയെ അസിസ്റ്റന്റ് സെക്രട്ടറി (HG) ലോക്കൽ സെൽഫ് ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂഷൻ കാറ്റഗറിയിൽ വരുന്ന തസ്തികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.<br><br>**<u>സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I</u>**<br><br>1.അർബൻ ഡയറക്ടറുടെ 01.02.2023 ലെ DUA/4545/2022-E5 നമ്പർ ഉത്തരവ്<br><br>2.അർബൻ ഡയറക്ടറുടെ 06.02.2023 ലെ DUA/4545/2022-E5 നമ്പർ ഉത്തരവ്<br><br>**<u>സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II</u>**<br><br>1.അർബൻ ഡയറക്ടറുടെ 13.10.2023 ലെ DUA/4463/2022-E5 നമ്പർ ഉത്തരവ്<br><br>2.പ്രിൻസിപ്പൽ ഡയറക്ടറുടെ 01.02.2023 ലെ LSGD/PD/12925/2023-DEB5 നമ്പർ ഉത്തരവ്<br><br>3.പ്രിൻസിപ്പൽ ഡയറക്ടറുടെ 30.09.2023 ലെ LSGD/PD/12922/2023-DEB5 നമ്പർ ഉത്തരവ്<br><br>**<u>പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I</u>**<br><br>1.അർബൻ ഡയറക്ടറുടെ 01.02.2023 ലെ DUA/6028/2022-E5 നമ്പർ ഉത്തരവ് |
| (സി) | നഗരസഭാ ആരോഗ്യ വിഭാഗത്തിലെ ക്ലീൻ സിറ്റി മാനേജർ തസ്തിക നിലവിൽ ഗസറ്റഡ് തസ്തികയാണോ; പ്രസ്തുത വിഭാഗം ജീവനക്കാരുടെ പ്രമോഷൻ ഒരു വർഷത്തോളമായി നടത്താതിരിക്കുന്നതും അക്കാരണത്താൽ മറ്റു തസ്തികകളിലേക്കും പ്രമോഷൻ നടത്താൻ സാധിച്ചിട്ടില്ലെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രമോഷൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; പ്രമോഷൻ നടത്താനുള്ള അടിയന്തര നടപടി സ്വീകരിക്കാമോ? | (സി) | നഗരസഭാ ആരോഗ്യ വിഭാഗത്തിലെ ക്ലീൻ സിറ്റി മാനേജർ തസ്തിക നിലവിൽ സ്റ്റേറ്റ് സർവ്വീസിൽ ഉൾപ്പെട്ട തസ്തികയാണ്. മുൻ മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാരും നിലവിൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ Senior Public Health Inspector Grade I തസ്തികയിൽ ജോലി ചെയ്യുന്നവരും ആയ ജീവനക്കാരെ നിലവിൽ Clean City Manager തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റ നിയമനത്തിന് ഡി.പി.സി. ലിസ്റ്റ് നിലവിൽ ഇല്ലാത്തതിനാൽ ഡി.പി.സി. സെലക്ഷൻ process ഒഴിവാക്കി സ്ഥാനക്കയറ്റം നൽകാവുന്നതാണോ എന്നതിൽ പ്രിൻസിപ്പൽ ഡയറക്ടർ സ്പഷ്ടീകരണം ആവശ്യപ്പെട്ടിരുന്നതനുസരിച്ച് ആയത് സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

<u>ഒഴിവുകളുടെ വിവരം</u>

| ക്രമ നം | തസ്തിക | ആകെ തസ്തികയുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | തദ്ദേശഭരണ സ്ഥാപനം |
|---|---|---|---|---|
| 1 | ക്ലീൻ സിറ്റി മാനേജർ | 95 | 8 | 1. ഏറ്റുമാനൂർ നഗരസഭ<br>2. ചങ്ങനാശ്ശേരി നഗരസഭ<br>3. കൊച്ചി കോർപ്പറേഷൻ<br>4. ഇരിങ്ങാലക്കുട നഗരസഭ<br>5. ചിറ്റൂർ തത്തമംഗലം നഗരസഭ<br>6. മണ്ണാർക്കാട് നഗരസഭ<br>7. ഒറ്റപ്പാലം നഗരസഭ<br>8. കോഴിക്കോട് കോർപ്പറേഷൻ |
| 2 | വെറ്റിനറി സർജൻ | 6 | 1 | കൊച്ചി കോർപ്പറേഷൻ |
| 3 | പബ്ലിക് ഹെൽത്ത് ഓഫീസർ ഗ്രേഡ് III (മുനിസിപ്പാലിറ്റി, കോർപ്പറേഷൻ)/<br>മെഡിക്കൽ ഓഫീസർ (മോഡേൺ മെഡിസിൻ)/<br>ലേഡി മെഡിക്കൽ ഓഫീസർ | 17 | 15 | 1. തിരുവനന്തപുരം കോർപ്പറേഷൻ-1<br>2.കൊല്ലം കോർപ്പറേഷൻ-1<br>3. കൊച്ചി കോർപ്പറേഷൻ -1<br>4. കോഴിക്കോട് കോർപ്പറേഷൻ-8<br>5. കണ്ണൂർ കോർപ്പറേഷൻ -1<br>6. ചങ്ങനാശ്ശേരി നഗരസഭ – 1<br>7. ആലപ്പുഴ നഗരസഭ – 1<br>8. തലശ്ശേരി നഗരസഭ - 1 |
| 4 | പബ്ലിക് ഹെൽത്ത് ഓഫീസർ ഗ്രേഡ് II (മുനിസിപ്പാലിറ്റി) | 2 | 1 | കോട്ടയം നഗരസഭ/ പാലക്കാട് നഗരസഭ (കൊച്ചി കോർപ്പറേഷനിൽ പബ്ലിക് ഹെൽത്ത് ഓഫീസർ ഗ്രേഡ്-II തസ്തിക നിലവിലില്ലാത്തതാണ്. എന്നാൽ പബ്ലിക് ഹെൽത്ത് ഓഫീസർ ഗ്രേഡ്-II ആയ ഡോ.ശശികുമാർ കൊച്ചി കോർപ്പറേഷനിൽ സേവനമനുഷ്ഠിക്കുന്നുണ്ട്(കോട്ടയം നഗരസഭ/ പാലക്കാട് നഗരസഭയിലെ തസ്തിക) |
| 5 | പബ്ലിക് ഹെൽത്ത് ഓഫീസർ ഗ്രേഡ് I (കോർപ്പറേഷൻ) | 5 | 5 | 1. തിരുവനന്തപുരം കോർപ്പറേഷൻ<br>2.കൊല്ലം കോർപ്പറേഷൻ<br>3. കൊച്ചി കോർപ്പറേഷൻ<br>4. തൃശ്ശൂർ കോർപ്പറേഷൻ<br>5. കോഴിക്കോട് കോർപ്പറേഷൻ |
| 6 | റ്റി.ബി. സ്പെഷ്യലിസ്റ്റ് | 1 | 1 | കോഴിക്കോട് കോർപ്പറേഷൻ |

**<u>സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I</u>**

നിലവിൽ 6 ഒഴിവുകൾ ഉണ്ട്. ഒഴിവ് വിവരം ചുവടെ ചേർക്കുന്നു.

01.05.2023 - 2 എണ്ണം

01.06.2023 - 2 എണ്ണം

27.09.2023 - 1 എണ്ണം

01.01.2024 - 1 എണ്ണം

ചെങ്ങന്നൂർ, ഗുരുവായൂർ, ഇരിട്ടി, പാനൂർ, മാനന്തവാടി, പാലക്കാട് എന്നീ നഗരസഭകളിലാണ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- I തസ്തികയിൽ ഒഴിവ് ഉള്ളത്. ആയത് സ്ഥാനക്കയറ്റം വഴി നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു

**സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II**

നിലവിൽ 2 ഒഴിവുകൾ ഉണ്ട്. ഒഴിവ് വിവരം ചുവടെ ചേർക്കുന്നു.

01.02.2024 - 2 എണ്ണം

നോർത്ത് പരവൂർ നഗരസഭ, തൃശ്ശൂർ കോർപ്പറേഷൻ എന്നിവിടങ്ങളിലാണ് സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിൽ ഒഴിവ് ഉള്ളത്. ആയത് സ്ഥാനക്കയറ്റം വഴി നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു

**പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I**

നിലവിൽ 1 ഒഴിവ് ഉണ്ട്. ഒഴിവ് വിവരം ചുവടെ ചേർക്കുന്നു.

01.06.2023 - 1 എണ്ണം

ചിറ്റൂർ തത്തമംഗലം നഗരസഭയിലാണ് പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I തസ്തികയിൽ ഒഴിവ് ഉള്ളത്. ആയത് സ്ഥാനക്കയറ്റം വഴി നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II/പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II**

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിൽ മുനിസിപ്പൽ കോമൺ സർവ്വീസിൽ 162 (HI TURN SCCCI TURN ഉൾപ്പെടെ) ഒഴിവുകൾ ഉണ്ട്. എന്നാൽ തദ്ദേശ സ്വയംഭരണ പൊതു വകുപ്പ് രൂപീകരിച്ചതിനാൽ ടി ഒഴിവുകൾ പുതുക്കിയ പ്രൊഫോർമയിൽ റിപ്പോർട്ട് ചെയ്യണമെന്ന് പി.എസ്.സി.യിൽ നിന്ന് അറിയിച്ചിരുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിൽ എൻട്രി കേഡർ തസ്തികയിലെ നിയമനാധികാരിയായി ജില്ലാ ജോയിന്റ് ഡയറക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ജില്ലാ ജോയിന്റ് ഡയറക്ടർമാർ നടപടി സ്വീകരിച്ചുവരുന്നു.

**ജില്ലാതലത്തിലുള്ള ഒഴിവുകൾ**

തിരുവനന്തപുരം - 14
കൊല്ലം - 8
പത്തനംതിട്ട - 8
ആലപ്പുഴ - 1
കോട്ടയം - 2
ഇടുക്കി -1
എറണാകുളം -42
തൃശ്ശൂർ -48
പാലക്കാട് -3
മലപ്പുറം -22
കോഴിക്കോട് -8
വയനാട് - 1
കണ്ണൂർ -3
കാസറഗോഡ് -1